©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ആഗസ്റ്റ് 18<br>18th August 2020<br>1196 ചിങ്ങം 2<br>2nd Chingam 1196<br>1942 ശ്രാവണം 27<br>27th Sravana 1942 | നമ്പർ<br>No. | 33 |

## PART III

### Notifications by Heads of Departments

# Commissionerate of Land Revenue

## KOTTAYAM DISTRICT

ലേല പരസ്യം

നമ്പർ ജി1-1588/2020. 2020 ജൂൺ 23.

കാഞ്ഞിരപ്പള്ളി താലൂക്കിൽ കോരുത്തോട് വില്ലേജിൽ ബ്ലോക്ക് 30-ൽ സർവ്വെ 82/10-ൽ റോഡ് പുറമ്പോക്കായി നിർത്തിയ 01.10 ആർ. വസ്തുവിൽ നിന്നിരുന്ന 3 (മൂന്ന്) തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ച് കഷണങ്ങളാക്കിയ തടികഷണങ്ങൾ സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുള്ളതാണ്. ടി തടികഷണങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ₹ 26,480 (ഇരുപത്തിയാറായിരത്തി നാനൂറ്റിഎൺപത് രൂപ) വില നിർണ്ണയിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി മരക്കഷണങ്ങൾ 25-8-2020-ാം തീയതി രാവിലെ 11 മണിയ്ക്ക് കോരുത്തോട് വില്ലേജ് ഓഫീസിൽ വച്ച് റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരസ്യ ലേലത്തിൽ വിൽക്കുന്നതാണ്. മതിപ്പു വില—₹ 26,480.

ലേലത്തിൽ പങ്കെടുക്കുന്നവർ ₹ 5,000 നിരതദ്രവ്യവും കെട്ടിവയ്ക്കേണ്ടതും ലേലം പിടിയ്ക്കുന്നയാൾ മൊത്തം തുകയുടെ 1/3 ഭാഗവും മുഴുവൻ തുകയുടെ വിൽപ്പന നികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ബാക്കി തുക സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ 30 ദിവസത്തിനകം അടച്ച് രസീത് വാങ്ങേണ്ടതും തുക മുഴുവനും അടച്ച് ലേലം സ്ഥിരപ്പെടുത്തിയതിന് ശേഷം തടി നീക്കം ചെയ്യേണ്ടതുമാണ്.

ടി ലേലം മറ്റ് സർക്കാർ ലേലത്തിന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കും. കൂടുതൽ വിവരങ്ങൾ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസ്, കോരുത്തോട് വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് അറിയാവുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം. (ഒപ്പ്) റവന്യൂ ഡിവിഷണൽ ഓഫീസർ.

---

## Changanassery Taluk

പരസ്യം

(1)

നമ്പർ സി2-2484/2020. 2020 ജൂലൈ 2.

ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ വില്ലേജിൽ വാഴൂർ ഈസ്റ്റ് പി. ഒ., റോസ് വില്ലയിൽ ഷേർളി തോമസ് അവകാശ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിൻമേൽ വാഴൂർ വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ അപേക്ഷകയുടെ ഭർത്താവ് തോമസ് വർഗ്ഗീസ് 22-10-2019-ൽ മരണമടഞ്ഞിട്ടുള്ളതായി അറിയുന്നു. പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. പരേതന്റെ അവകാശികളായി താഴെ പേര് പറയുന്നവർ മാത്രമാണുള്ളതെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഷേർളി തോമസ് | ഭാര്യ | 54 |
| 2 | ഷെറിൻ തോമസ് | മകൻ | 28 |
| 3 | പൊന്നു തോമസ് | മകൾ | 22 |

ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ വില്ലേജിൽ വാഴൂർ ഈസ്റ്റ് പി. ഒ., റോസ് വില്ലയിൽ പരേതനായ തോമസ് വർഗ്ഗീസ് എന്നയാളുടെ നിയമപരമായ അവകാശികളായി മേൽപ്പറഞ്ഞവർ മാത്രമാണുള്ളതെന്ന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ചങ്ങനാശ്ശേരി തഹശീൽദാർ മുൻപാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ സി2-3495/2020. 2020 ജൂലൈ 2.

ചങ്ങനാശ്ശേരി താലൂക്കിൽ തൃക്കൊടിത്താനം വില്ലേജിൽ, മാവേലിമറ്റം വീട്ടിൽ മല്ലിക, എം. ആർ., രാധിക എം. ആർ. എന്നിവർ അവകാശ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിൻമേൽ തൃക്കൊടിത്താനം വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തിയതിൽ അപേക്ഷകരുടെ സഹോദരി ഇന്ദു, എം. ആർ. 19-2-2020-ൽ മരണമടഞ്ഞിട്ടുള്ളതാണ്. പരേതയുടെ മാതാപിതാക്കളായ ലക്ഷ്മി, രാമൻ എം. ആർ. എന്നിവരും സഹോദരിമാരായ ചന്ദ്രിക, എം. ആർ., അംബിക, എം. ആർ. എന്നിവരും ജീവിച്ചിരിപ്പില്ല. പരേതയുടെ അവകാശികളായി താഴെ പേര് പറയുന്നവർ മാത്രമാണുള്ളതെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മല്ലിക, എം. ആർ. | സഹോദരി | 63 |
| 2 | രാധിക, എം. ആർ. | ,, | 54 |

പരേതയായ ഇന്ദു, എം. ആർ. അവിവാഹിതയായിരുന്നു.

ചങ്ങനാശ്ശേരി താലൂക്കിൽ തൃക്കൊടിത്താനം വില്ലേജിൽ മാവേലിമറ്റം വീട്ടിൽ പരേതയായ ഇന്ദു, എം. ആർ. എന്നവരുടെ നിയമപരമായ അവകാശികളായി മേൽപ്പറഞ്ഞവർ മാത്രമാണുള്ളതെന്ന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ചങ്ങനാശ്ശേരി തഹശീൽദാർ മുൻപാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ സി2-3969/2020. 2020 ജൂലൈ 1.

ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ പെരുന്ന കിഴക്ക് ശ്രീനികേതൻ വീട്ടിൽ പി. എസ്. സുശീല അവകാശ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിൻമേൽ ചങ്ങനാശ്ശേരി വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ അപേക്ഷകയുടെ ഭർത്താവ് ടി. കെ. രാമചന്ദ്രൻ 13-10-2019-ൽ മരണമടഞ്ഞിട്ടുള്ളതായി അറിയുന്നു. പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. പരേതന്റെ അവകാശികളായി താഴെ പേര് പറയുന്നവർ മാത്രമാണുള്ളതെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പി. എസ്. സുശീല | ഭാര്യ | 71 |
| 2 | സ്വപ്ന, എസ്. ആർ. | മകൾ | 45 |
| 3 | സുമിത്ത്, എസ്. ആർ (സുമിത്ത് രാമചന്ദ്രൻ) | മകൻ | 37 |